Mathrubhumi 22-09-18, P-02

# പ്രളയത്തെ അതിജീവിച്ച് മുളകൾ



തൃശ്ശൂർ ▸ പ്രളയത്തിന്റെ കുത്തൊഴുക്കിനെ അതിജീവിച്ച് പുഴയുടെ തീരങ്ങളിൽ നട്ടുവളർത്തിയ മുളകൾ. വൻമരങ്ങൾപോലും കടപുഴകി കൂടുതൽ നാശനഷ്ടങ്ങൾക്കു കാരണമായപ്പോഴാണ് മുളകൾ നഷ്ടം കുറയ്ക്കാൻ സഹായിച്ചത്.

ഭാരതപ്പുഴയുടെ തീരങ്ങളാണ് പുഴസംരക്ഷണത്തിൽ മുളകൾക്കുള്ള പങ്കിന് സാക്ഷ്യംപറയുന്നത്. പീച്ചി വനഗവേഷണ കേന്ദ്രം പ്രളയത്തിനുശേഷം നടത്തിയ പ്രാഥമിക പരിശോധനയിലാണ് ഇതു വ്യക്തമായത്.

വൻതോതിലുള്ള മണ്ണൊലിപ്പാണ് ഭാരതപ്പുഴയുടെ തീരങ്ങളിൽ ഉണ്ടായത്. എന്നാൽ, നട്ടുവളർത്തിയ മുളകൾ ഇതിനെ അതിജീവിച്ചു.

പ്രളയത്തിന്റെ ആഘാതം കുറയ്ക്കാനായി എല്ലാ പുഴകളിലും നടപ്പാക്കാവുന്ന രീതിയാണ് മുളനടീലെന്ന് വനഗവേഷണകേന്ദ്രം ഡയറക്ടർ ശ്യാം വിശ്വനാഥ് പറഞ്ഞു. വർഷാവർഷം ഇവ വെട്ടി ഒതുക്കിക്കൊടുക്കണമെന്നുമാത്രം.

2007 മുതൽ 2011 വരെയുള്ള കാലത്താണ് ഭാരതപ്പുഴയുടെ തീരങ്ങളിൽ മുള നട്ടത്. പുഴത്തീരം ഹരിതവത്കരിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണവകുപ്പ്, കൃഷിവകുപ്പ്, വനഗവേഷണകേന്ദ്രം എന്നിവ ചേർന്നാണ് പദ്ധതി നടപ്പാക്കിയത്. ഇതിൽ 20 ശതമാനം മാത്രമാണ് വളർന്നത്.

മണ്ണൊലിപ്പിനെ കൂടുതൽ കാര്യക്ഷമമായി തടയുന്ന രീതിയിലാണ് ഇവയുടെ വേരുകളെന്ന് വനഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ എ.വി. രഘു പറഞ്ഞു.